**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **27-01-2026 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജക മണ്ഡലത്തിലെ സ്മാർട്ട് അംഗൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ അംഗൻവാടികൾക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവയും വിശദമാക്കാമോ; | (എ) | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്കായി വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | നിയോജക മണ്ഡലത്തിൽ സ്മാർട്ട് അംഗൻവാടി അനുവദിച്ചിട്ടുണ്ടോ; | (ബി) | (ബി) വാമനപുരം നിയോജക മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | (സി) വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സ്മാർട്ട് അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.<br><br>അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് (10, 7.5, 5, 3, 3(Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാനും, എസ്റ്റിമേറ്റും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും, കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ഭാവിയുടെ സമഗ്ര വികാസം ഉറപ്പാക്കിയാണ് സ്മാർട്ട് അങ്കണവാടികളിൽ സൗകര്യമൊരുക്കിയിട്ടുള്ളത്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രിസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ് തുടങ്ങിയ സൗകര്യങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

**വാമനപുരം നിയോജക മണ്ഡലത്തിലെ അങ്കണവാടികൾക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നം | പദ്ധതി | ചെലവാക്കിയ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര പദ്ധതി | 8,85,89,898 | തുടർപദ്ധതി |
| 2 | പോഷക ബാല്യം | 1,12,38,528 | തുടർപദ്ധതി |
| 3 | അങ്കണവാടി മെയിന്റനൻസ് | 5,13,000 | തുടർപദ്ധതി |
| 4 | സക്ഷം അങ്കണവാടി നവീകരണം | 8,00,000 | തുടർപദ്ധതി |
| 5 | പ്രീസ്കൂൾ കിറ്റ് | 25,50,890 | തുടർപദ്ധതി |
| 6 | അങ്കണവാടി കണ്ടീജൻസി | 22,88,000 | തുടർപദ്ധതി |
| 7 | ഫർണ്ണീച്ചർ വാങ്ങിയത് | 5,70,000 | തുടർപദ്ധതി |
| 8 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് | 2,65,000 | തുടർപദ്ധതി |
| 9 | അങ്കണവാടി ബിൽഡിംഗ് കൺസ്ട്രക്ഷൻ (വകുപ്പ് തുക ) | 12,40,000 | തുടർപദ്ധതി |
| 10 | അങ്കണവാടി ബിൽഡിംഗ് നിർമ്മാണം (സെൻട്രൽ ഷെയർ ) | 7,00,000 | തുടർപദ്ധതി |
| 11 | സ്പോർട്സ് കിറ്റ് | 2,85,000 | നടപ്പിലാക്കി |
| 12 | കുടിവെള്ള പദ്ധതി | 10,000 | നടപ്പിലാക്കി |
| 13 | എൻ.എൻ.എം | 51,66,852 | തുടർപദ്ധതി |
| 14 | വൈഫൈ | 20,000 | നടപ്പിലാക്കി |
| 15 | ചായം അങ്കണവാടി കെട്ടിട നിർമ്മാണം | 4,00,000 | തുടർപദ്ധതി |
| | **ആകെ** | **11,46,37,168** | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**വാമനപുരം നിയോജക മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികളുടെ വിശദാംശങ്ങൾ**

| ക്രമ നം | പഞ്ചായത്ത് | സെന്റർ നമ്പർ & പേര് |
|---|---|---|
| 1 | വാമനപുരം | 22,ഗ്രാമീണ നഗർ |
| 2 | വാമനപുരം | 6,പരപ്പാറ മുകൾ |

സെക്ഷൻ ഓഫീസർ